MR. S. KUTTAN : ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് കാര്യങ്ങളുടെ ഗൗരവത്തെ ഓർക്കാതെ ഈ വിവരം നാട്ടുകാരെ അറിയിക്കാതിരുന്നതു മര്യാദയാണെന്നു വിചാരിക്കുന്നുണ്ടോ?

MR. PRESIDENT : ആ പ്രശ്നം ഇവിടെ സംഗതമല്ല.

വളംവിതരണ പദ്ധതി.

* 206. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) ൧൯൫൦ മുതൽ ൧൯൫൫ വരെയുള്ള വർഷങ്ങളിൽ ഓരോന്നിലും ഗവണ്മെൻറിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വളം എത്ര ടൺ ആണ്? ഏതെല്ലാംതരം വളം? എത്രരൂപാ വില?

(ബി) കർഷകർക്ക് ഗവണ്മെൻറിൽനിന്ന് വളം സുലഭമായ തോതിൽ വിതരണം ചെയ്യുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിലെന്ത്?

HON'BLE MR. V. O. MARKOS : ൧൯൫൦ മുതൽ ൧൯൫൫ വരെയുള്ള വർഷങ്ങളിൽ ഗവണ്മെൻറിൽനിന്നും വിതരണം ചെയ്തിട്ടുള്ള വളം എത്ര എന്നുള്ളതിനെസംബന്ധിച്ച സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. K. K. CHELLAPPAN PILLAI : അതു വായിച്ചുകേട്ടാൽകൊള്ളാം.

(സ്റ്റേറ്റുമെൻറ് വായിക്കുന്നു)

HON'BLE MR. V. O. MARKOS : It is as follows:—

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Vide **Answer to question No. 206.**

Statement showing the distribution of manures conducted by the Department of Agriculture during the years 1120 to 1123.

Kind of manure.	1120.		1121.		1122.		1123.	
	Quantity tons.	Value Rs.	Quantity tons.	Value Rs.	Quantity tons.	Value Rs	Quantity tons.	Value Rs.
Groundnut cake	698	4,13,060	757	5,65,700	743	9,97,429	1452	23,85,328
Benemeal	216		464		2463		3250	
Ammonium Sulphate	857		1609		2563		3950	
Ammonium Phosphate	264		175		197		55	
Triple Phosphate	37		13		...		...	
Super Phosphate	...		...		455		685	
Prawnskin	...		...		...		98	
Skimmed Milk Powder	...		...		65		33	

(ബി) വളംവിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫാൻ ഡിപ്പോകൾ ഇപ്പോൾ സംസ്ഥാനത്തു ഉണ്ട്. ഓരോ പകുതിയിലും വളം ഡിപ്പോകൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറു അനുവദിച്ചിട്ടുണ്ടു. അവശ്യമായ ഇനിയും ഡിപ്പോകൾ അനുവദിക്കുന്നതാണു. കമ്പോസ്റ്റു് മനുവറിന്റെ ഉൽപ്പാദനം രാജ്യമൊട്ടുക്കു വർദ്ധിപ്പിക്കുന്നതിന് ഗവണ്മെൻറു് നടപടികൾ കയ്ക്കൊണ്ടിട്ടുണ്ടു്.

MR. K. K. CHELLAPPAN PILLAI : സ്ക്കിംഡ് മാൽക്കു് വളമായി ഉപയോഗിക്കാറുണ്ടോ?

HON'BLE MR. V. O. MARKOS : ഉപയോഗിക്കും. ചീത്തയായ സ്ക്കിംഡ് മിൽക്കു് വളരെ നല്ലൊരു വളമാണു്.

MR. K. K. CHELLAPPAN PILLAI : ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന വളം കൊണ്ടു് ഈ നാട്ടിലെ ആവശ്യം നിർവഹിക്കപ്പെടുകയില്ലെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : പൂർണ്ണമായി മതിയാകുമെന്നു തോന്നുന്നില്ല.

MR. K. K. CHELLAPPAN PILLAI : അതു കൊണ്ടു വിപുലമായ തോതിൽ വളം വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

HON'BLE MR. V. O. MARKOS : വളം ധാരാളമായി കിട്ടിയാൽ അതു ധാരാളമായി വിതരണം ചെയ്യുന്നതിനും ഏർപ്പാടു ചെയ്യാം.

MR. K. K. CHELLAPPAN PILLAI : വളം ധാരാളമായികിട്ടാൻ വല്ല ശ്രമവും ചെയ്യുന്നുണ്ടോ?

HON'BLE MR. V. O. MARKOS : ചെയ്യുന്നുണ്ടു്.

ചവറ മിനറൽസ് കമ്പനി.

* 207 MR. K. K. CHELLAPPANI PILLA (*Mavelikkara II—General*). താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സഭയം മറുപടി നൽകുമോ?

(എ) ചവറ മിനറൽസ് കമ്പനിയുമായി ഏതെങ്കിലും കൂട്ടു കരാറിൽ ഗവണ്മെൻറു് ഉൾപ്പെട്ടിട്ടുണ്ടോ ? ആ കരാറിന്റെ പ്രതി മേശപ്പുറത്തു വയ്ക്കുമോ?

(ബി) ആ കരാറനുസരിച്ചു് മണൽ കമ്പനികൾ പ്രവർത്തിച്ചിട്ടുണ്ടോ?

(സി) ആ കരാർ പുതുക്കേണ്ട ആവശ്യം നേരിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു്?

LIBRARY ARCHIVES Kerala Legislative Assembly